## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3430** **20.06.2018-ൽ മറുപടിക്ക്**

## വ്യാജ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നിയമ നടപടി

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ് .പി.

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കും ട്രേഡ് മാർക്ക് ആക്ട് പ്രകാരമോ, അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം സഹിതം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കും ട്രേഡ് മാർക്സ് ആക്ട് 1999, സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ ഓഫ് ട്രേഡ് മാർക്ക്, സെക്ഷൻ 23 (2), റൂൾ 56 (1) പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വെളിപ്പെടുത്തുമോ; | | |
| സി) | അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കുകളും അനധികൃതമായി ദുരുപയോഗം ചെയ്യപ്പെടുന്നത് തടയാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇത്തരം ദുരുപയോഗത്തിനു ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) യും (ഡി) യും | അക്ഷയയുടെ ലോഗോയും ഡിസൈനും ഉപയോഗപ്പെടുത്തി അനധികൃതമായി പ്രവർത്തിക്കുന്ന സെന്ററുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് അക്ഷയ ജില്ലാ ഓഫീസുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള സെന്ററുകൾ കണ്ടെത്തുകയാണെങ്കിൽ ജില്ലാ പോലീസ് മേധാവികൾ മുഖേന പരാതി നൽകി നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളിൽ സേവനങ്ങൾക്ക് |
| ഡി) | വ്യാജ അക്ഷയ കേന്ദ്രങ്ങളിലൂടെ യഥാർത്ഥ അക്ഷയ കേന്ദ്രങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | അമിതമായി ഫീസ് നൽകി വഞ്ചിതരാകാതിരിക്കുവാനും വ്യക്തിവിവരങ്ങൾ നഷ്ടപ്പെടാതിരിക്കുവാനുമുള്ള ബോധവൽക്കരണ പ്രചാരണങ്ങൾ പത്ര മാധ്യമങ്ങൾ വഴിയും എഫ്.എം റേഡിയോ മുഖേനയും നൽകുന്നുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതു ലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകുന്നതിനുമുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു. |
| ഇ) | അക്ഷയയുടെ ലോഗോയും ഡിസൈനും അനുവാദമില്ലാതെയും അനധികൃതമായും അനുകരിച്ച് പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പടർത്തുന്ന രീതിയിൽ പരസ്യബോർഡുകൾ സ്ഥാപിച്ച് വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിച്ചാൽ ആയത് തടയുന്നതിന് എന്തൊക്കെ നിയമ നടപടികളാണ് സ്വീകരക്കുവാനാകുന്നതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ? | ഇ) | അക്ഷയയുടെ ലോഗോയും ഡിസൈനും അനധികൃതമായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് അധികാരി/ജില്ലാ കളക്ടർക്ക് നടപടി സ്വീകരിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസ് റദ്ദ ചെയ്യുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ